കയർ കെട്ടിക്കിടക്കുകയാണ്. അതുകൊണ്ട് സൊസൈറ്റികളിൽ വർക്കും നടക്കുന്നില്ല. ആളുകൾക്ക് ജോലിയുമില്ല. അടിയന്തിരമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ ശ്രീ. താമരാക്ഷൻ പറഞ്ഞതുപോലുള്ള ആപത്തുകളുണ്ടാകും. അരൂർ, ചേർത്തല, മാരാരിക്കുളം, ഹരിപ്പാട് തുടങ്ങിയ പ്രദേശങ്ങളിലും ഉണ്ട്. ഈ സ്ഥലങ്ങളിലെല്ലാം പോയി അന്വേഷിച്ചതാണ്. ശ്രീമതി ഗൗരിയമ്മ കൂടി ഇരിക്കുമ്പോഴാണ് ഞാനിത് അന്വേഷിച്ചത്. അവരെല്ലാം പറഞ്ഞത്, 'സാറേ ആകപ്പാടെ പട്ടിണിയാണ്, രണ്ടു മാസമായി പട്ടിണി' എന്നാണ് പറഞ്ഞത്. ഈ പ്രശ്നത്തിൽ ഉദ്യോഗസ്ഥന്മാർ പറയുന്നതുപോലെ കാണരുത്. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയാവുന്നതാണ്. എവിടെ നിന്നെങ്കിലും കുറച്ചുകൂടി പണമുണ്ടാക്കി അടിയന്തിരമായി ഇന്ന് കെട്ടിക്കിടക്കുന്ന സ്റ്റോക്ക് വാങ്ങിക്കാൻ ഏർപ്പാടുണ്ടാക്കുകയും സൊസൈറ്റികളിൽ പണി ആരംഭിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്യണം. അല്ലെങ്കിൽ തീരദേശമാകെ പ്രശ്നമാകും. കയർ മേഖലയിൽ പട്ടിണിയും അതിനെത്തുടർന്ന് പട്ടിണി മരണവുമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി ഇത് ഗൗരവമായി എടുക്കണം.

ശ്രീമതി സുശീലാ ഗോപാലൻ : കയർഫെഡിന് 12 കോടി രൂപയിൽ നിന്നും പതിനെട്ടര കോടി രൂപയായി ക്യാഷ് ക്രെഡിറ്റ് വർദ്ധിപ്പിച്ചത് അതുകൊണ്ടാണ്. അതു കൂടാതെ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും പണമെടുക്കുന്നതിനുള്ള സഹായം ചെയ്തിട്ടുണ്ട്. ഇന്ന് മൂന്നു കോടി രൂപ വീണ്ടും കിട്ടും. അൽപ്പംപോലും കയർ കെട്ടിക്കിടക്കാത്ത വിധത്തിൽ ഈയടുത്ത ദിവസങ്ങളിൽ ശേഖരിക്കുന്നതാണ്. കൂടാതെ വിഷമം വന്ന സ്ഥലങ്ങളിലെല്ലാം റിസർവ് പർച്ചേസ് പ്രൈവറ്റുകാരിൽ നിന്നും ശേഖരിക്കാനും ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇതിന് അതിവേഗത്തിൽ പരിഹാരമുണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ ആവർത്തിച്ചിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിച്ചു.)

മി. സ്പീക്കർ : റൂൾ 62. ശ്രീ. ജോർജ് ജെ. മാത്യു.....

III ശ്രദ്ധക്ഷണിക്കൽ

(1) ഭൂപരിഷ്ക്കരണ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോർജ് ജെ. മാത്യു : സർ, കേരളത്തിലെ ഭൂമിയുമായി ബന്ധപ്പെട്ട നിയമങ്ങൾ പ്രത്യേകിച്ച്, ചരിത്ര പ്രസിദ്ധമായ ഭൂപരിഷ്ക്കരണനിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നാണ് എനിക്ക് സഭയിൽ പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതായത് പല കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ ഭൂമിയുമായി ബന്ധപ്പെട്ട നിയമങ്ങൾ തെറ്റായിരുന്നുവെന്നല്ല. ഓരോ കാലത്തും അന്നത്തെ ഭൂരിപക്ഷ ചിന്തയ്ക്ക് അനുസൃതമായ നിയമങ്ങൾ നടപ്പാക്കി പ്രാബല്യത്തിൽ വരുത്തി.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ പല നിമയങ്ങളും കാലഹരണപ്പെട്ടു കഴിഞ്ഞു. ബഹുമാനപ്പെട്ട പി. ടി. ചാക്കോ റവന്യൂ-ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അവതരിപ്പിച്ച ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽ നിന്നും, കശുമാവിൻതോട്ടങ്ങളേയും കായൽ നിലയങ്ങളേയും ഒഴിവാക്കിയിരുന്നു. അദ്ദേഹത്തിന്റെ ദീർഘദർശനത്തെ അങ്ങേയറ്റം പ്രശംസിക്കാതെ വയ്യ. സർക്കാർ ഏറ്റെടുത്ത കായൽ നിലങ്ങളിൽ ഏറിയ കാലവും നെൽകൃഷി നടന്നില്ല എന്നല്ല. ഒരിക്കലും ലാഭകേരമായി കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. കശുമാവ് തോട്ടങ്ങൾ ഭൂനിയമ ബില്ലിന്റെ പരിധിയിൽ വരുമെന്ന് അറിഞ്ഞതോടുകൂടി, ഭൂരിഭാഗം തോട്ടങ്ങളും മറ്റു വിളകളായി മാറുകയുണ്ടായി. ഈ പ്രക്രിയകളെല്ലാം കൃഷിയെ ദോഷകരമായി ബാധിക്കുകയാണ് ഉണ്ടായത്. കേരളം ഇന്ന് 'ദൈവത്തിന്റെ സ്വന്തം നാട്' എന്നാണല്ലോ അറിയപ്പെടുന്നത്. പ്രകൃതി നമ്മെ കനിഞ്ഞ് അനുഗ്രഹിച്ചിരിക്കുകയാണ്. നമ്മുടെ വനസംരക്ഷണ നടപടികൾ, പരിസ്ഥിതി സംരക്ഷണത്തിന് ഏറ്റവും പ്രയോജനം ചെയ്യുന്നു. ഒരു സംസ്ഥാനത്ത് 35 ശതമാനം പ്രദേശമെങ്കിലും വനമായിരിക്കേണ്ടത് പരിസ്ഥിതി സംരക്ഷണത്തിന് അത്യാവശ്യമാണ്. കായലോര-കടലോര പ്രദേശത്തിന്റെ പ്രകൃതിഭംഗി നിലനിർത്തേണ്ടത് ദീർഘകാല വീക്ഷണത്തോടെ നടപ്പാക്കേണ്ട നാടിന്റെയും ജനങ്ങളുടെയും ആവശ്യമാണ്. ഇവയെല്ലാം പറഞ്ഞു കഴിയുമ്പോഴാണ് കേരളത്തിലെ ബാക്കിവരുന്ന 65 ശതമാനം പ്രദേശം ലാഭകരമായി എങ്ങനെ കൃഷി ചെയ്യും മറ്റു വ്യവസായങ്ങൾ നടത്തു എന്ന കാര്യം ചിന്തിക്കേണ്ടത് കേരളത്തിൽ റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, സിനമൺ എന്നീ തോട്ടങ്ങളാണ് ഭൂപരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കൃഷിവിളകൾ. ഇന്ന് ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഭാഗമായി വളരെ കുറച്ചു ഭൂമി മാത്രമേ കോടതികളുടെ ഇടപെടൽമൂലം സർക്കാരിന് ലഭിക്കാനുള്ളൂ. ഇനിയും പല നിയമങ്ങളുടേയും പേരിൽ സർക്കാരിന് ലഭിക്കാനുള്ള ഭൂമിയെക്കുറിച്ചല്ല ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. മറിച്ച് ഇപ്പോൾ ഭൂപരിഷ്ക്കരണ നിയമങ്ങളിൽ ഒരു കാരണവശാലും ഉൾപ്പെടുത്താത്ത ഭൂമിയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇന്ന് ഭൂപരിഷ്ക്കരണ നിയമം നിലനിൽക്കുന്നതുകൊണ്ട് കർഷകന് ഏറ്റവും ലാഭകരമാണെന്ന് തോന്നുന്ന കൃഷികൾ ചെയ്യാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഉദാഹരണമായി, ഇന്ന് ആയിരം അടിക്കുമേൽ കൃഷി ചെയ്യുന്ന റബ്ബർ വെട്ടിമാറ്റി കശുമാവ് കൃഷി ചെയ്താൽ, ലാഭകരമല്ലാത്ത മാർജിനൽ റബ്ബർ കൃഷിയിൽ നിന്ന് കർഷകന് രക്ഷപ്പെടാം. കശുമാവ് വളരെ ലാഭകരമായി ഈ മേഖലയിൽ കൃഷി ചെയ്യുകയും ചെയ്യാം. ഇതുവഴി നഷ്ടത്തിൽ നടക്കുന്ന വലിയ തോട്ടങ്ങൾ തുണ്ടായി വിൽക്കുന്നത് തടയാനും തൻമൂലം തൊഴിലാളികൾക്ക് നിയമസംരക്ഷണം നഷ്ടപ്പെടാതെ സൂക്ഷിക്കാനും കഴിയും. ചുരുക്കിപ്പറഞ്ഞാൽ നിലവിലുള്ള ഭൂപരിഷ്ക്കരണ നിയമത്തിന് ഒരു കട്ട് ഓഫ് ഡേറ്റ് കൊടുക്കണം. പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിലവസരങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെടാതെയും തൊഴിൽ ഉടമയ്ക്ക് നഷ്ടം വരാതിരിക്കാനും വേണ്ടി ഏറ്റവും ലാഭകരമായ ഏത് കൃഷിയും ചെയ്യാൻ അനുവദിക്കണം. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കാലഘട്ടത്തിൽ ലോക കമ്പോളത്തിൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

കാർഷികവിളകൾ പിടിച്ചുനിൽക്കണമെന്നുണ്ടെങ്കിൽ, കാലഹരണപ്പെട്ട ഭൂമി സംബന്ധമായ മറ്റെല്ലാ നിയമങ്ങളും പൊളിച്ച് എഴുതാതെ നിർവ്വാഹമില്ല. ഈ ദിശകളിലേക്ക് ചിന്തിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനെ ഓർമ്മിപ്പിക്കുന്നു. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ചെയ്യാൻ സാധ്യമല്ലെങ്കിൽ അടുത്ത സർക്കാരിന്റെ ആദ്യ നടപടികൾ ആയി ഭൂപരിഷ്ക്കരണ നിയമങ്ങൾ കാലോചിതമായി മാറ്റിക്കുറിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതുകൂടാതെ ഇന്ന് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ കേരളത്തിൽ നിലനിൽപ്പുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് നെൽകൃഷി ചെയ്യുന്ന വയലുകൾ വളരെയധികം പ്രദേശങ്ങളിൽ വിജനമായി കിടക്കുകയാണ്. ഇന്ന് നമുക്കാവശ്യമുള്ള നെല്ലും മറ്റു ഉല്പന്നങ്ങളും ഇവിടെ ഉല്പാദിപ്പിക്കേണ്ടത് വളരെ ആവശ്യമാണ്. നമുക്ക് അതു സാധ്യമല്ലെങ്കിൽ അതിനു മറ്റു മേഖലകൾ കണ്ടെത്തുകയേ മാർഗ്ഗമുള്ളൂ. ചുരുക്കിപ്പറയുകയാണെങ്കിൽ, ഒരു കർഷകന് ലാഭകരമല്ലാത്ത കൃഷി ചെയ്യാനായിട്ട് അവനെ നിർബന്ധിക്കാൻ ആർക്കും സാധ്യമല്ല. കാർഷികോൽപ്പന്നങ്ങൾ ലാഭകരമല്ലെങ്കിൽ ഒരിക്കലും അത് വീണ്ടും കൃഷി ചെയ്യാൻ ഒരു കർഷകനും തയ്യാറാകുകയില്ല. ഇതു മാത്രമല്ല ഇന്ന് കർഷകർ അനുഭവിക്കുന്ന പ്രധാന ബുദ്ധിമുട്ട്, ആധുനിക ലോകത്തിലെ കൃഷിക്കാരൻ മറ്റു രാജ്യങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി, കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ, അതേ സ്റ്റാൻഡേർഡുമായി ബന്ധപ്പെട്ട കാര്യങ്ങളുമായി മുന്നോട്ടു നീങ്ങിയില്ലെങ്കിൽ നമുക്ക് ഇവിടെ നിലനിൽക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് വീണ്ടുവിചാരമുണ്ടായി, ഇന്ന് കാലഹരണപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്ത് ഇതിന് പരിഹാരമുണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, കാർഷിക മേഖല ഇന്നു നേരിടുന്ന പ്രതിസന്ധികളും പ്രയാസങ്ങളുമൊക്കെ
10 A.M.] അദ്ദേഹം ഇവിടെ പറഞ്ഞു. വളരെ ശരിയാണ്. ഇപ്പോഴും അവർക്ക് ബോധ്യമില്ലാത്ത ഒരുകാര്യം അതാണ്. പക്ഷേ, നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗവും കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. അത്തരം ഒരു രാജ്യത്തിന്റെ പൊതുവായ അഭിവൃദ്ധി കാർഷിക അഭിവൃദ്ധിയിലൂടെ മാത്രമേ നടക്കൂ എന്നും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളാണ് നമ്മുടെ രാജ്യത്തൊട്ടാകെ വേണ്ടതെന്നും പ്രഖ്യാപിക്കപ്പെടുകയും തീരുമാനിക്കപ്പെടുകയും അതിനനുസരിച്ച് നടപടികളെടുക്കുകയുമൊക്കെ ചെയ്യുന്ന ഒരു രാജ്യമാണിത്. നമ്മുടെ രാജ്യത്തിന്റെ ആത്മാവ് തന്നെ കുടികൊള്ളുന്നത് ഗ്രാമപ്രദേശങ്ങളിലാണ്. കാർഷിക മേഖലയെ ഉദ്ധരിച്ചുകൊണ്ട് മാത്രമേ അത് സജീവമാക്കാൻ കഴിയൂ. ഇതൊക്കെ അറിഞ്ഞുകൊണ്ടാണ് ഇന്ന് കാർഷിക രംഗത്തെ പാടെ തകർക്കുന്ന ഒരു നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് നമുക്കറിയാം. കേന്ദ്രഗവൺമെന്റിന്റെ ഇത്തരം നടപടികളാണ് ഈ അവസ്ഥയിലേക്ക് നമ്മുടെ കാർഷിക രംഗത്തെ കൊണ്ടുചെന്നെത്തിച്ചത് എന്ന് പരസ്യമായി മാലോകരോട് പറയാൻ നിങ്ങൾക്ക് വൈമനസ്യമുണ്ടെങ്കിലും വസ്തുത അതാണെന്ന് നമുക്കൊക്കെ അറിയാം. അതിൽ നിന്നും ഈ കൃഷിക്കാരെ, നിലവിലുള്ള ഈ സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുകൊണ്ട്, എങ്ങനെ സഹായിക്കാൻ കഴിയുമെന്നുള്ള നിലയിലാണ് കേരള ഗവൺമെന്റ് ഈ പ്രശ്നത്തെ സമീപിക്കുന്നതും അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതും, അത്തരം കുറെയേറെ നടപടികൾ ചെയ്തത് ഇവിടെ കൃഷി വകുപ്പുമന്ത്രി വളരെ വിശദമായി പല സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ള കാര്യമാണ്. ഞാനത് ആവർത്തിക്കുന്നില്ല. ആ ശ്രമം തുടരുന്നുണ്ട്. ഭൂപരിഷ്ക്കരണ നിയമവും അതിനെത്തുടർന്നുള്ള പരിപാടികളുമൊക്കെ കേരളത്തിൽ ആലോചിക്കുകയും അതിനാവശ്യമായ തീരുമാനമെടുക്കുകയും ചെയ്തത് പത്തുമുപ്പത് വർഷങ്ങൾക്കു മുമ്പാണ്. അന്നത്തെ ഒരു സാഹചര്യമല്ല ഇന്ന് എന്നുള്ളതുകൊണ്ട് സ്വാഭാവികമായും കാലോചിതമായി വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഈ പ്രശ്നം ചിന്തിക്കുമ്പോൾ അന്ന് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയും ആ സാമൂഹ്യ വ്യവസ്ഥിതിയുടേതായ തടവറയിൽ കഴിയുന്ന ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും അവരുടെ ജീവതവും ആയിരുന്നു അന്നത്തെ മുഖ്യമായ പ്രശ്നം. അതുകൊണ്ട് ഒരു നിയമം മൂലം ആ സാമൂഹ്യവ്യവസ്ഥിതിക്ക് അന്ത്യം കുറിക്കുന്നതിന് ഇന്ത്യയിൽ തന്നെ മാതൃക കാണിച്ച ഒരു സംസ്ഥാനമാണ് കേരളം. ജന്മി നാടുവാഴുന്ന ഒരു വ്യവസ്ഥ അവസാനിപ്പിച്ചു. കൃഷിഭൂമി കൃഷിക്കാരന്റേതാണ്. ഒഴിപ്പിക്കൽ നടപടികൾക്ക് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ഭൂമിയിലെ കേന്ദ്രീകരണം അവസാനിപ്പിക്കുക എന്നതിൽ ഊന്നൽ നൽകിക്കൊണ്ടാണ് ആ നടപടികൾ പൂർത്തിയാക്കിയത്. അതിന്റെ പ്രയോജനം ഈ സംസ്ഥാനത്തിന് മറ്റേത് സംസ്ഥാനത്തേക്കാൾ കൂടുതലുണ്ടായിട്ടുണ്ട്. 45 ലക്ഷത്തോളം ആളുകൾ ഇപ്പോൾ ഭൂമിയുടെ ഉടമാവകാശികളാണ്. എത്രയോ കാലത്തെ പോരാട്ടങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഭൂമി കൃഷിക്കാരുടെ എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുള്ള ഒരു സംസ്ഥാനമാണിത്. ഇതുപോലെ പറയാൻ കഴിയുന്ന സംസ്ഥാനം ബംഗാളോ ത്രിപുരയോ തുടങ്ങി ഒന്നുരണ്ട് സംസ്ഥാനങ്ങളേയുള്ളൂ. വേറൊരു സംസ്ഥാനവും ഈ ഇന്ത്യാരാജ്യത്തില്ല. ഇവിടെ പരിധിയിൽക്കവിഞ്ഞ് ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. പരമാവധി 15 ഏക്കർ മാത്രമേ കൈവശം വയ്ക്കാൻ പാടുള്ളൂ. അത്തരത്തിലൊരു പരിധി നിശ്ചയിച്ച് പരിധിയിൽക്കവിഞ്ഞ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചത് കേന്ദ്രീകരണം അവസാനിപ്പിച്ചാൽ വികേന്ദ്രീകരണത്തിലൂടെ അദ്ധ്വാനിക്കാൻ കഴിയുന്നവർക്ക് ഭൂമി വിതരണം ചെയ്യുമ്പോൾ അതിന്റെ പ്രയോജനം കാർഷിക മേഖലയ്ക്കൊട്ടാകെ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ്. എന്നാൽ അത്രയേറെ വലിയ പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ കാര്യങ്ങളുണ്ടായില്ല എന്ന വസ്തുത നിലനിൽക്കുന്നുണ്ട്. എന്നാലും ഒരു ലക്ഷത്തിലേറെ മിച്ചഭൂമി ഏറ്റെടുക്കുകയും ഒന്നേമുക്കാൽ ലക്ഷം പേർക്കായി അത് വിതരണം ചെയ്യുകയും ചെയ്തു. അതിൽ പകുതിയിലേറെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കാണ് കൊടുത്തത്. കോടതിയുടെ ഇടപെടൽകൊണ്ട് കുറച്ചു കേസുകളിൽ തീരുമാനമുണ്ടാക്കാൻ സാധിച്ചില്ലായെങ്കിലും കഴിയുന്നതും വേഗം ആ കാര്യങ്ങളിൽ നമ്മൾ തീരുമാനമുണ്ടാക്കാൻ പോവുകയാണ്. അത്തരം ഒരു സന്ദർഭത്തിൽ നെൽക്കൃഷിയെ സംരക്ഷിക്കുന്നതിന് പ്രാമുഖ്യം നൽകണമെന്നുള്ളതിനാലാണ് കെ.എൽ.യു. ഓർഡർ ഇവിടെ നിലവിൽ വന്നതുതന്നെ. 1967-നു മുമ്പ് മൂന്നുകൊല്ലം മുമ്പുവരെ നെൽകൃഷി ചെയ്തിരുന്നതാണെങ്കിൽ അത് തുടർച്ചയായി നെൽകൃഷി ചെയ്യണം, അതിൽ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം വരുത്താൻ പാടില്ലെന്ന് നമ്മൾ തീരുമാനിച്ചിരുന്നു. പ്രധാനപ്പെട്ട തോട്ടങ്ങളൊക്കെ തന്നെ പരിധിയിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാലിപ്പോൾ മാറിവന്ന ഒരു പുതിയ സാഹചര്യത്തിൽ കശുമാവുകൃഷി വികസിപ്പിക്കാൻ ഗവൺമെന്റുതന്നെ മുൻകൈ എടുത്ത് ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തരിശുഭൂമികളും അതുപോലെ തന്നെ ഗവൺമെന്റ് ഭൂമികളുമൊക്കെത്തന്നെ കശുമാവ് കൃഷി ചെയ്യുന്നതിന് എവിടെ സൗകര്യപ്പെടുമോ അവിടെ അതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽത്തന്നെ കാസർഗോഡ് ജില്ലയിൽ മിച്ചഭൂമിയായി ഏറ്റെടുത്ത 4000-ലേറെ ഏക്കർ ഭൂമി കശുമാവ് കൃഷിക്കുവേണ്ടി പ്ലാന്റേഷൻ കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. അതുപോലെ പല സ്ഥലങ്ങളിലും അത്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ കൃഷിയുടെ തകർച്ചയ്ക്കിടയായ സാഹചര്യങ്ങൾ എന്തൊക്കെയെന്ന് പഠിക്കാനും മനസ്സിലാക്കാനും ശ്രമിക്കുകയും അതിനെതിരായ കൂട്ടായ്മക്കുവേണ്ടിയുള്ള പ്രവർത്തനം നടത്തുകയും ചെയ്യുന്നത് അതിന്റെയൊരു ഭാഗമാണ്. ആധുനികമായ ടെക്നോളജി ഉപയോഗപ്പെടുത്തി വിദേശ രാജ്യങ്ങളിലുണ്ടാക്കുന്ന മുഴുവൻ സാധനങ്ങളും കൊണ്ടുവന്ന് കച്ചവടം നടത്താൻ കഴിയുന്ന ഒരു കമ്പോളമാക്കി, ചന്തയാക്കി കേരളത്തേയും ഇന്ത്യയേയും മാറ്റുന്നതിനുവേണ്ടി ലോകമുതലാളിത്ത രാജ്യങ്ങൾക്ക് ഇന്ത്യാഗവൺമെന്റ് അനുമതി കൊടുത്ത ഒരു സാഹചര്യം മൂലമാണ് കൃഷിക്കാരന് ഈ അവസ്ഥയിൽ കുത്തുപാള എടുക്കേണ്ടിവന്നത്. അതിനെതിരായ ഒരു പോരാട്ടം കാർഷിക മേഖലയിൽ ഉണ്ടാകുകതന്നെ വേണം. അതിന് വേറെ കുറുക്കുവഴികൾ ആലോചിച്ചിട്ട് കാര്യമില്ല. എന്നാൽ ഇന്നത്തെ മാറിയ സാഹചര്യത്തിൽ കശുമാവുപോലെ ലാഭകരമായ ഇത്തരം തോട്ടങ്ങൾ വയ്ക്കുന്നതിന് ഭൂപരിഷ്ക്കരണനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ തടസ്സമാണെന്നുണ്ടെങ്കിൽ തീർച്ചയായും അത് നമുക്ക് പരിശോധിക്കാവുന്നതാണ്. ഇവിടുത്തെ കർഷക സംഘടനകളും എല്ലാവിഭാഗം ജനങ്ങളുമായി ചർച്ച ചെയ്ത് കാലോചിതമായി ഇതിലെന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ, അതെന്തൊക്കെയാണ് എന്നുള്ളത് ചർച്ച ചെയ്ത്, തീർച്ചയായും ഒരു പൊതു അഭിപ്രായ സമന്വയം ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾക്ക് ഈ ഗവൺമെന്റ് തയ്യാറാണ്. തീർച്ചയായും മാറ്റും. എന്നാൽ ഇപ്പോൾ ഉയർന്നു വരുന്ന ഒരു പ്രവണതയുണ്ട്. നെൽക്കൃഷി നിലനിർത്തുന്നതിനുവേണ്ടി കൊണ്ടുവന്ന കെ.എൽ.യു. ഉത്തരവ് മറികടക്കുന്നതിന് വ്യാപകമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അത് നെൽക്കൃഷിയെത്തന്നെ ഒരു തകർച്ചയിലേക്കെത്തിക്കുമെന്ന അവസ്ഥ വന്നപ്പോൾ കുറച്ച് കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ്വന്തം വീടില്ലാത്തവർക്ക് വീടുവയ്ക്കുന്നതിനുവേണ്ടി മാത്രമാണെന്ന് ഉത്തമ ബോധ്യമായാൽ അത്തരം കേസുകൾക്ക് ഉദാരമായ സമീപനം സ്വീകരിക്കണമെന്നും ഗവൺമെന്റ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്ങനെ കൃഷിയെ സംരക്ഷിക്കാൻ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ രീതിയിൽ മാറ്റങ്ങൾക്ക് വിധേയമാക്കാവുന്ന കാര്യങ്ങളെന്തൊക്കെ എന്നതിനെക്കുറിച്ച് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കുന്നതിന് തയ്യാറാകുകയും ചെയ്യണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനാവശ്യമായ നടപടികൾ കഴിയുന്നതും വേഗം ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു : സർ, 30 വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയ ഒരു നിയമത്തിന് കാലാനുസൃതമായ മാറ്റം വരുത്തുമെന്ന് മന്ത്രി പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. എന്നാൽ 30 വർഷങ്ങൾക്കു മുമ്പ് അന്നത്തെ സാഹചര്യത്തിൽ ഈ നിയമം നടപ്പിലാക്കിയ ചില ആളുകൾക്ക് വളരെ അലോരസമായ ചില മാനസികാവസ്ഥയുണ്ടായി എന്ന് അറിഞ്ഞതിൽ ഞാൻ ഖേദിക്കുന്നു. അതുപോലെതന്നെ ഞാൻ വളരെ വ്യക്തമായി പറയുന്നു. അടുത്ത ഗവൺമെന്റാണ് ഇത് നടപ്പാക്കാൻ പോകുന്നത്. ഗവൺമെന്റ് എന്നുപറഞ്ഞാൽ തുടർച്ചയായ സംവിധാനമാണ്. അതുകൊണ്ട് എനിക്ക് വ്യക്തമായി മന്ത്രിയിൽ നിന്നും കിട്ടാനുള്ള മറുപടി കശുമാവിൽ കൃഷി തോട്ടവിളയായി ഈ ഭൂപരിഷ്ക്കരണ നിയമത്തിൽ ഇപ്പോൾ ഉൾപ്പെട്ടിട്ടില്ല, അതുംകൂടി എക്സംപ്ഷനിൽ ഉൾപ്പെടുത്തി ഓർഡർ ഇറക്കാൻ തയ്യാറാകുമോ എന്നാണ് ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, അതങ്ങനെ ഓർഡർ ഇറക്കിയത് കൊണ്ടുമാത്രം നടപ്പിലാക്കാൻ കഴിയുന്ന ഒരു വിഷയമല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ മാറിവന്ന സാഹചര്യത്തിൽ കശുമാവ് കൃഷിയെ ഒരു തോട്ടവിളയായി അംഗീകരിച്ചുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പരിധിക്കുപുറത്ത് ഇതുകൂടി ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുകയും ബന്ധപ്പെട്ട എല്ലാ സംഘടനകളുമായി ചർച്ച ചെയ്യുകയും ആവശ്യമാണെന്ന് ബോധ്യമായാൽ അതിനാവശ്യമായ ഭേദഗതി കൊണ്ടുവന്ന് നിയമസഭയിൽ പാസ്സാക്കി അംഗീകരിച്ച് നടപ്പിലാക്കുന്നതുമാണ്. ഗവൺമെന്റ് അതിനാവശ്യമായ മുൻകൈ എടുക്കുകയും ചെയ്യുന്നതാണ്.

(2) കേന്ദ്രസർക്കാരിന്റെ പുതിയ ടെക്സ്റ്റൈൽ നയംമൂലം സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. എളമരം കരീം : സർ, കേന്ദ്രഗവൺമെന്റ് ഈയിടെ പ്രഖ്യാപിക്കപ്പെട്ട ടെക്സ്റ്റയിൽ നയം രാജ്യത്തെ വസ്ത്രനിർമ്മാണ മേഖലയിലെ ദേശീയ സംരംഭങ്ങളേയും തൊഴിലാളികളേയും വളരെ ദോഷകരമായി ബാധിക്കുന്നതാണ്. ഈ നയത്തിന്റെ പ്രത്യാഘാതം ഏറ്റവും കൂടുതൽ ഏൽക്കേണ്ടിവരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പ്രത്യേകിച്ചും കൈത്തറി തൊഴിലാളികളുടെ മേഖലയും വസ്ത്രനിർമ്മാണരംഗവും. ഈ മേഖലയിലുള്ള തൊഴിലാളികളേയും പരമ്പരാഗത വ്യവസായത്തേയും ചെറുകിട വ്യവസായത്തേയും സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നയം കേരള സർക്കാർ സ്വീകരിച്ചുവരുന്ന സന്ദർഭത്തിൽ ആ ശ്രമങ്ങളെല്ലാം തകിടം മറിക്കുന്ന വിധത്തിലുള്ളതാണ് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പുതിയ ടെക്സ്റ്റൈൽ നയം. 1985-ൽ കേന്ദ്രസർക്കാർ അംഗീകരിച്ച ടെക്സ്റ്റൈൽ നയത്തിന്റെ അടിസ്ഥാനത്തിൽ തുണിനിർമ്മാണ മേഖലയിൽ വാർഷിക വളർച്ചാനിരക്ക് 7.13 ശതമാനം ആയിരുന്നു. അതുപോലെ ആളോഹരി വസ്ത്രലഭ്യതയിലും 3.6 ശതമാനം എന്ന തോതിലുള്ള വളർച്ചാനിരക്ക് പ്രതിവർഷം കൈവരിച്ചുവരുന്നു. കയറ്റുമതി വളർച്ച ആണ്ടിൽ 13.32 ശതമാനമെന്ന നിരക്കിലായിരുന്നു. രാജ്യത്തെ മൊത്തം മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ ടെക്സ്റ്റയിൽ